ഉത്തരം

(എ)&(ബി) ഉണ്ട്. ഈ നിക്ഷേപങ്ങൾ സാമ്പത്തിക ലാഭാടിസ്ഥാനത്തിൽ ഖനനം ചെയ്യുവാനുള്ള സാദ്ധ്യതകളെപ്പറ്റി ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ, കർണ്ണാടകയിലുള്ള ഹട്ടി ഗോൾഡ് മൈൻസ് എന്നിവയുമായി ചേർന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഒരു രൂപരേഖ തയ്യാറാക്കുവാൻ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുമായി ചേർന്ന് വയനാട്, നിലമ്പൂർ പ്രദേശങ്ങളിൽ ഒരു സംയുക്ത പര്യവേഷണം 2005-06 ഫീൽഡ് സീസണിൽ തുടങ്ങുന്നതിന് സമർപ്പിച്ച പദ്ധതി സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

അട്ടപ്പാടിയിൽ സ്വർണ്ണ നിക്ഷേപം ഉള്ള പഞ്ചായത്തുകളും പ്രദേശങ്ങളും

16 [3455] *ശ്രീ. കളത്തിൽ അബ്ദുള്ള*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിരിക്കുന്ന പഞ്ചായത്തുകളും പ്രദേശങ്ങളും ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ എത്രമാത്രം നിക്ഷേപങ്ങൾ ഉണ്ടെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) ഇവ സംസ്ക്കരിച്ചെടുക്കുന്നത് ലാഭകരമാണോ;

(ഡി) എങ്കിൽ ഇത് സംസ്ക്കരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) ഇവ സംസ്ക്കരിച്ചെടുക്കുന്നത് ലാഭകരമല്ലെങ്കിൽ, ലാഭകരമായി ഇവയുടെ സംസ്ക്കരണം നടത്തുന്നതിനുള്ള വഴി ഗവൺമെന്റ് ആലോചിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ അഗളി, കൊട്ടത്തറ, ഷോളയൂർ എന്നീ പഞ്ചായത്തുകളിൽപ്പെട്ട പോത്തുപ്പാടി, കൽക്കണ്ടി, കുടെപ്പട്ടി, കുറുക്കൻകുന്ന്-കല്ലുമല, പുട്ടുമല, കോട്ടത്തറ, മുണ്ടയൂർ, കള്ളക്കര, വണ്ണാതുറ എന്നീ ഭാഗങ്ങളിലും കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ മുതുകുളം ഭാഗത്തും സ്വർണ്ണ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അട്ടപ്പാടിയിലെ പുട്ടുമലയിൽ ടണ്ണിന് 14.99 ഗ്രാം എന്ന തോതിൽ 0.08 ദശലക്ഷം ടൺ അയിരും, കൊട്ടത്തറയിൽ ടണ്ണിന് 12.98 ഗ്രാം എന്ന തോതിൽ 0.0067 ദശലക്ഷം ടൺ അയിരും ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് കൂടാതെ മുണ്ടയൂരിൽ ടണ്ണിന് 0.88 ഗ്രാം എന്ന തോതിലും കള്ളക്കരയിൽ ടണ്ണിന് 1 മുതൽ 25 ഗ്രാം വരെ എന്ന തോതിലും, വണ്ണാത്തറയിൽ ടണ്ണിന് 1.8 മുതൽ 4.4 ഗ്രാം വരെ എന്ന തോതിലും

LIBRARY ARCHIVES Kerala Legislative Assembly

പോത്തുപ്പാടിയിൽ ടണ്ണിന് 1.25 മുതൽ 6.05 ഗ്രാം എന്ന തോതിലും, കൽക്കണ്ടിയിൽ ടണ്ണിന് 0.02 മുതൽ 0.47 ഗ്രാം വരെ എന്ന തോതിലും, കൂടെപ്പട്ടിയിൽ ടണ്ണിന് 0.21 മുതൽ 1.73 ഗ്രാം വരെ എന്ന തോതിലും, കാഞ്ഞിരപ്പുഴ-മുത്തുക്കുളം ഭാഗത്ത് ടണ്ണിന് 0.04 മുതൽ 4.46 ഗ്രാം വരെ എന്ന തോതിലും സ്വർണ്ണമടങ്ങിയ അയിരിന് സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപ തോത് കണക്കാക്കപ്പെട്ടിട്ടില്ല.

(സി)&(ഡി) മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും, കർണ്ണാടകയിലെ ഹട്ടിഗോൾഡ് മൈൻസും ചേർന്നു സംയുക്തമായി ഖനന സാദ്ധ്യതകളെക്കുറിച്ച് പഠിക്കുവാൻ പദ്ധതിയുണ്ട്.

(ഇ) മേൽ വിവരിച്ച പദ്ധതി പ്രകാരമുള്ള പഠനങ്ങൾ കഴിഞ്ഞശേഷം മാത്രമേ ഇതേപ്പറ്റി വ്യക്തമായ അഭിപ്രായം പറയാനും നടപടികളെടുക്കുവാനും സാധിക്കുകയുള്ളു.

മുക്കുന്നിമലയിൽ പാറ ഖനനം നിരോധിക്കാൻ നടപടി

17 [3456] *ശ്രീ. പിരപ്പൻകോട് മുരളി*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ വില്ലേജിലുള്ള ചരിത്ര പ്രസിദ്ധമായ മുക്കുന്നിമലയിൽ നടക്കുന്ന പാറ ഖനനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇവിടെ പാറ പൊട്ടിക്കാൻ എത്രപേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; ഏത് വകുപ്പാണ് ആ ലൈസൻസ് നൽകിയത്;

(ഡി) എയർഫോഴ്സിന്റെ സെക്യൂരിറ്റി റഡാർ സ്റ്റേഷനും, ജന നിബിഡമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ പരിസ്ഥിതി പ്രാധാന്യമുള്ള മുക്കുന്നിമല സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. അനധികൃത പാറ ഖനനം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി പാറ ഖനനം ചെയ്യുന്നവരിൽ നിന്നും/ വാഹനത്തിൽ അനധികൃതമായി പാറ കടത്തുന്നവരിൽ നിന്നും 1967-ലെ കെ. എം. എം. സി. ചട്ടങ്ങൾ പ്രകാരം പിഴ ഈടാക്കിവരുന്നുണ്ട്.

(സി) 2004-2005 വർഷത്തിൽ ഇതുവരെ (16-3-2005) 28 പേർക്ക് വിവിധ കാലയളവുകളിലായി 61 ക്വാറിയിംഗ് പെർമിറ്റും 4 പേർക്ക് ക്വാറിയിംഗ് ലീസും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly